**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 44257/AD A1.1/2019/എ ഡി എ 1 തീയതി: 06.09.2022

## സർക്കുലർ

വിഷയം:- താഴ്ന്ന വിഭാഗം ജീവനക്കാർക്കായി സർക്കാർ ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്ന 4% അസിസ്റ്റൻറ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അപേക്ഷ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. G.O. (Ms) No. 31/06/GAD dated 25.01.2006

2. G.O. (Ms) No. 196/2010/GAD dated 17.05.2010

3.സർവ്വകലാശാല ഉത്തരവ് നം. 5340/ A1/1/2016/Admn, തീയതി 04.10.2016

4. സർവ്വകലാശാല ഉത്തരവ് നം. 3564/AD A1/2019/എം.ജി.യു , തീയതി 26.07.2019

സൂചന (1) പ്രകാരം സെക്രട്ടേറിയേറ്റിലെ താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ 4 വർഷം സർവ്വീസുള്ള അംഗീകൃത സർവ്വകലാശാല ബിരുദധാരികൾക്ക് തസ്തികമാറ്റം വഴി അസിസ്റ്റൻറായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകാൻ സർക്കാർ ഉത്തരവായിരുന്നു. പിന്നീട് സൂചന (2) പ്രകാരം തസ്തികമാറ്റം വഴിയുള്ള അസിസ്റ്റൻറ് തസ്തികയിലേക്കുള്ള നിയമനത്തിനായി മാറ്റി വയ്ക്കുന്ന തസ്തിക ഒഴിവ് 2%-ൽ നിന്നും 4% ആക്കി വർദ്ധിപ്പിച്ചിരുന്നു. ടി ഉത്തരവുകൾ ഈ സർവ്വകലാശാലയിൽ നടപ്പിലാക്കുകയും അതിൻപ്രകാരം അസിസ്റ്റൻറ് തസ്തികയിലെ ആകെ എണ്ണത്തിൻറെ 4% ടി വിഭാഗം ജീവനക്കാർക്കായി നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റൻറ് തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ജീവനക്കാരിൽ നിന്നും സർക്കുലർ മുഖാന്തിരം അപേക്ഷ ക്ഷണിക്കുവാൻ സൂചന (3) പ്രകാരവും, അങ്ങനെ ക്ഷണിക്കുമ്പോൾ അസിസ്റ്റൻറ് തസ്തികയുടെ ശമ്പള സ്കെയിലിന് തൊട്ട് താഴെ വരെ ശമ്പള സ്കെയിലുള്ള എല്ലാ താഴ്ന്ന വിഭാഗം ജീവനക്കാരെയും സൂചന (1) ഉത്തരവിൻറെയും, സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുവാനും സൂചന (4) പ്രകാരവും ഉത്തരവായിട്ടുണ്ട്.

ആയതിനാൽ, 2022 ആഗസ്റ്റ് 1-ാം തീയതി വരെ ഒഴിവാകുന്നതും താഴ്ന്ന വിഭാഗം ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ളതുമായ അസിസ്റ്റൻറ് തസ്തികയിലേക്ക് രൂപ 39300-83000/- ശമ്പളസ്കെയിലിന് തൊട്ട് താഴെ വരെ ശമ്പള സ്കെയിലിലുള്ളവരും 4 വർഷം സർവ്വീസുമുള്ള അംഗീകൃത സർവ്വകലാശാലാ ബിരുദധാരികളായ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും സീനിയോറിറ്റി, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ, വകുപ്പുതല പരീക്ഷ സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം എന്നിവയ്ക്ക് വിധേയമായിട്ടാണ് നിയമനം നൽകുക.

Draft #2 of File 44257/AD A1.1/2019/AD A1 (PART-I) Approved by Registrar on 06-Sep-2022 08:37 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പൂരിപ്പിച്ച അപേക്ഷകൾ ഓഫീസ് മേലധികാരി മുഖേന സർക്കുലർ തീയതി മുതൽ രണ്ടാഴ്ചയ്ക്കകം എഡി.എ1 സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**

രജിസ്ട്രാർ

സ്വീകർത്താവ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെൻറുകൾ / സ്കൂളുകൾ / സെൻററുകൾ
2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പി.എസ്.മാർ.
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ടി. സെൽ/പബ്ലിക് റിലേഷൻസ് ഓഫീസർ
6. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/കോപ്പി ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 44257/AD A1.1/2019/AD A1 (PART-I) Approved by Registrar on 06-Sep-2022 08:37 PM - Page 2

Draft #2 of File 44257/AD A1.1/2019/AD A1 (PART-I) Approved by Registrar on 06-Sep-2022 08:37 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റൻറായി രൂപ 39300-83000/- ശമ്പള സ്കെയിലിൽ (താൽക്കാലികം) നിയമനത്തിനായുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1. | അപേക്ഷകൻറെ പേരും ഉദ്യോഗപ്പേരും | | |
| 2. | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതിയും തസ്തികയുടെ പേരും | | |
| 3. | നിലവിലെ തസ്തികയും, ടി തസ്തികയിൽ പ്രവേശിച്ച തീയതിയും, ശമ്പള സ്കെയിലും | | |
| 4. | വിദ്യാഭ്യാസ യോഗ്യത | | |
| | സർവ്വകലാശാലയുടെ പേര് | | |
| | രജിസ്റ്റർ നമ്പർ | | |
| | പാസ്സായ വർഷം | | |
| | പരീക്ഷാഫലം പ്രസിദ്ധീകരിച്ച തീയതി (ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) | | |
| 5. | വകുപ്പുതലപരീക്ഷകൾ വിജയിച്ചിട്ടുണ്ടോ | | |
| | ഉണ്ടെങ്കിൽ പരീക്ഷയുടെ വർഷവും മാസവും | SOM | |
| | | Account Test | |
| വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും വകുപ്പുതല പരീക്ഷയുടെ സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. | | | |

സർട്ടിഫിക്കറ്റ്

മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകൾ എൻറെ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എന്തെങ്കിലും തെറ്റായ വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമനം റദ്ദാക്കുന്നതിന് കാരണമാണെന്ന് എനിക്ക് പൂർണ്ണബോധ്യമുള്ളതാണ്.

സ്ഥലം:

തീയതി:

ഒപ്പ്:

പേര്:

തസ്തിക:

സെക്ഷൻ / ഡിപ്പാർട്ട് മെൻറ്:

മൊബൈൽ നമ്പർ:

സെക്ഷൻ:

<u>ഓഫീസ് ഉപയോഗത്തിനു മാത്രം</u>

ശ്രീ./ശ്രീമതി. ........................................................................................................ ടി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ ടിയാൻറെ / ടിയാളുടെ സേവനപുസ്തകവും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചതിൻ പ്രകാരം പൂർണ്ണമായും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്:

സ്ഥലം:

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻറെ

തീയതി:

പേരും തസ്തികയും:

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 44257/AD A1.1/2019/AD A1 (PART-I) Approved by Registrar on 06-Sep-2022 08:37 PM - Page 4